September 2018
Volume 44
No.8

# Exodus

## ബത്തേരി രൂപതാ ബുള്ളറ്റിൻ



# പ്രളയക്കെടുതിക്ക് ഒരു സാന്ത്വനം

തിരുവനന്തപുരം മേജർ അതിരൂപതയിൽ നിന്നും അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ വയനാട്ടിലെ ദുരിതാശ്വാസ ക്യാംപുകളിലേക്ക് സമാഹരിച്ച ആവശ്യസാധനങ്ങൾ രൂപതാദ്ധ്യക്ഷൻ സ്വീകരിക്കുന്നു.







ശ്രേയസ് പുൽപ്പള്ളി മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനം



ശ്രേയസ് കോഴിക്കോട് മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനം



ശ്രേയസ്സിന്റെ വയനാട്ടിലെ
വിവിധ ക്യാംപുകളിൽ
അഭിവന്ദ്യ പിതാവ്
ദുരിതാശ്വാസ
പ്രവർത്തനങ്ങൾക്ക്
നേതൃത്വം നൽകുന്നു
















നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന
**മുഖ്യ വികാരി ജനറാൾ**
**വെരി റവ. മോൺ. മാത്യു**
**അറമ്പൻകുടി കോർ**
**എപ്പിസ്കോപ്പായ്ക്ക്**
രൂപതയുടെ
നാമഹേതുക
തിരുന്നാൾ മംഗളങ്ങൾ





**റവ. ഫാ. സി. സി. ജോൺ**

കേരള സംസ്ഥാന അദ്ധ്യാപക അവാർഡ്
നേടിയ റവ. ഫാ. സി. സി. ജോണിനും,
ഡോ. സുനിലിനും
തമിഴ്നാട് സംസ്ഥാന അദ്ധ്യാപക അവാർഡ്
നേടിയ ദമ്പതികളായ ശ്രീ. സണ്ണി സാറിനും,
ശ്രീമതി വത്സല ടീച്ചർക്കും രൂപതയുടെ

## അഭിനന്ദനങ്ങൾ



**ഡോ. സുനിൽ**



**ശ്രീ. സണ്ണി സാർ**



**ശ്രീമതി വത്സല ടീച്ചർ**

# EXodus

വാല്യം 44 സെപ്തംബർ 2018 ലക്കം 8


## Bulletin Team


**PATRON**
Most Rev. Dr. Joseph Mar Thomas

**CO-PATRONS**
Very Rev.Msgr. Mathew Arambankudy
Very Rev. Msgr. Dr. Thomas Kanjiramukalil

**EDITOR**
Rev. Fr. Varghese Kaniyamparambil
E-mail:vkshinto@gmail.com
Mobile : 8281141310

**EDITORIAL BOARD**
Very Rev. Fr. Philip Mathew Vettikatt
(Advisory Editor)
Bro. Mathappara Kuriakose
(Circulation Manager)

**TECHNICAL SUPPORT**
Very Rev. Fr. Samuel Puthuppady
Sri. V. P. Thomas
Prof. Philomina K. J.



**Printed, Published & Owned by**
Rev. Fr.Philip Mathew Vettikatt
Chancellor, Bathery Diocese -
exodussby@gmail.com

**Printed at**
Josin Offset Press, SBY
Ph: 04936 - 227 226


## ഉൾത്താളുകളിൽ


ഇടയശബ്ദം
സഭാവാർത്തകൾ..............................14
രൂപതാവാർത്തകൾ.........................14
ഗുരുകുലം സെമിനാരി...................15
വിശ്വാസപരിശീലനം..........................16
എം.സി.എ..............................................17
സുവിശേഷസംഘം...........................18
മാതൃജ്യോതിസ് ..................................19
ശ്രേയസ്...............................................19
ഉന്നതവിദ്യാഭ്യാസവേദി .....................22
ഇതരവാർത്തകൾ ............................26

# Bishop's Programme

## September 2018

| Date | Day | Programme |
|---|---|---|
| 1 | Saturday | Karamcode KCYM |
| 2 | Sunday | Pulpally |
| 3 | Monday | Lakkidi, Bethany Convent |
| 4 | Tuesday | Vadasserikara, Parakoottam |
| 5-6 | Wed-Thursday | Adoor, Enanth |
| 7 | Friday | Ranny, Kanjirapally |
| 8 | Saturday | Vettiyar, Valiyavila |
| 9 | Sunday | Bathery |
| 10 | Monday | Engaged |
| 11-12 | Tues-Wednesday | Chennai -Convocation |
| 13 | Thursday | College meeting |
| 14 | Friday | Nilambur |
| 15 | Saturday | Bathery (Meeting) |
| 16 | Sunday | Engaged |
| 17 | Monday | Cathedral (Shreyas) |
| 18 | Tuesday | Koliyadi School |
| 19-22 | Wed-Saturday | Reunion Programme |
| 23 | Sunday | Bederi |
| 24 | Monday | Pulpally |
| 25 | Tuesday | Engaged |
| 26 | Wednesday | Manalvayal |
| 27-30 | Friday | Engaged |



ഇടയശബ്ദം

# നാടിനെ നടുക്കിയ ദുരന്തം

ഇക്കഴിഞ്ഞ രണ്ടുമാസക്കാലമായി തോരാതെ പെയ്ത മഴയും ഉരുൾപൊട്ടലും വെള്ളപ്പൊക്കകെടുതിയും മൂലം കേരളം ഞെട്ടിവിറച്ചപ്പോൾ അതിജീവനത്തിനു വേണ്ടി ഏറ്റവും അധികം വെല്ലുവിളി ഏറ്റെടുത്ത ജില്ലയാണ് വയനാട്. വയനാട്ടിലെ ജനത സാധാരണ ദുരന്തങ്ങളിൽ തകർന്നുപോകുന്നവരല്ല. പകർച്ച വ്യാധികളോടും വന്യമൃഗങ്ങളോടും പട്ടിണിയോടും പടവെട്ടി വളർന്ന ജനത ഇപ്രാവശ്യത്തെ പ്രകൃതി ദുരന്തത്തിൽ ഹൃദയം തകർന്നിരിക്കുകയാണ്. വയനാട്ടിലെ മൂന്ന് ചുരങ്ങളും ഉരുൾ പൊട്ടലിൽ തകർന്നടിഞ്ഞപ്പോൾ പൂർണ്ണമായും ഒറ്റപ്പെട്ട ഒരു ദ്വീപിലെ നിസ്സഹായരായ ജനമായി വയനാട്ടുകാർ മാറി. പരിമിതമായ യാത്രാസൗകര്യം മാത്രമുള്ള വയനാട് ഒരാഴ്ചക്കാലം മറ്റ് ഭൂപ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടപ്പോൾ ആദിവാസികളും ദുർബ്ബല ജനവിഭാഗത്തിൽപെട്ടവരും തീർത്തും പട്ടിണിയിലമർന്നു. ഭക്ഷണസാധനങ്ങൾ എത്തിക്കാൻ പോലും സാദ്ധ്യമല്ലാത്തവിധം യാത്രാസൗകര്യങ്ങൾ ഇല്ലാതായ വയനാട്ടിൽ നവകേരളം പണിതുയർത്താൻ കൂട്ടായി പരിശ്രമിക്കുമ്പോൾ വയനാടിന് ചുരം ബദൽ റോഡും, റയിൽവേയും, അനിവാര്യമാണ്. രാത്രിയാത്രാ

നിരോധനം എടുത്തുമാറ്റേണ്ടതാണ്. ഒരു ജനതയോടു കാണിക്കുന്ന സാമാന്യ മര്യാദയുടെ അടയാളമാണിത്. വയനാട്ടിൽ യാത്രാ നിരോധനം ഏർപ്പെടുത്തുന്നത് തികഞ്ഞ മനുഷ്യാവകാശ ലംഘനമാണ്.

അനേകായിരങ്ങളുടെ കൃഷിഭൂമിയും, ജീവനോപാധികളും പൂർണ്ണമായി നഷ്ടപ്പെട്ടു. അനേകം ഭവനങ്ങൾ ഒലിച്ചുപോയി. ആയിരക്കണക്കിന് വീടുകളും സ്ഥാപനങ്ങളും ഭാഗികമായി നശിച്ചു. സ്വന്തമായി ഭൂമിയില്ലാത്തവരും ഭവനമില്ലാത്തവരുമായി ധാരാളം കുടുംബങ്ങളുള്ള വയനാടിന്റെ പുനർനിർമ്മിതിയിൽ കൃഷിയ്ക്കും ഭവനനിർമ്മാണത്തിനും ഉപജീവന മാർഗ്ഗത്തിനും പ്രത്യേകം സഹായങ്ങൾ നൽകപ്പെടണം. ഗവർമെന്റും, വിവിധ സന്നദ്ധ സംഘടനകളും വയനാടിനെ നടുക്കിയ ദുരന്ത സമയത്ത് ത്യാഗ നിർഭരമായ സഹായങ്ങൾ എത്തിച്ചു. ബത്തേരി രൂപതയുടെ സാമൂഹിക സേവനവിഭാഗമായ ശ്രേയസ് അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിക്കുകയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ശ്രേയസ്സ് കുടുംബത്തിലെ എല്ലാവരോടു മുള്ള കൃതജ്ഞത അറിയിക്കുന്നു. ദുരന്തത്തിൽ സഹായ ഹസ്തം നൽകി വയനാടിനെ അനുഗ്രഹിച്ച കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമിസ് ബാവയോടുള്ള പ്രത്യേക നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. നിസ്സഹായരായവർക്കു വേണ്ടി ഭവനം നിർമ്മിക്കാനും ജീവനോ പാധികൾ പുനരാവിഷ്ക്കരിക്കാനുമുള്ള പ്രവർത്തനത്തിൽ എല്ലാവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും നൽകി അനുഗ്രഹിക്കണമെന്ന് താൽപര്യപ്പെടുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**✠ ഡോ. ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ **മേജർ ആർച്ച്ബിഷപ്പ്–**
**കാതോലിക്കോസ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും കോർ
എപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും
സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 4/2018

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**88–ാം പുനരൈക്യവാർഷികം ഇടവകകളിൽ**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരയിലെ അപ്പസ്തോലിക സഭ നിരവധി നിർണ്ണായക ഘട്ടങ്ങളിലൂടെയാണ് ഉദയംപേരൂർ സുന്നഹദോസിന്റെയും കൂനൻകുരിശു സത്യത്തിന്റെയും ചരിത്ര വഴികളിലെത്തിയത്. കൂനൻകുരിശു പ്രഖ്യാപനത്തിനുശേഷം മലങ്കരസഭ അനേകം പിളർപ്പിന്റെ അനുഭവങ്ങളിലൂടെ കടന്നുപോയി. 1653–നു ശേഷം ഐക്യത്തിനായി മലങ്കര സഭയിൽ അനേക പരിശ്രമങ്ങൾ നടത്തിയെങ്കിലും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യശ്രമങ്ങളാണ് 1930–ൽ വിജയത്തിലെത്തിയത്. അന്നത്തെ ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് 88 വർഷമാകുന്നു!

ഒരു സഭയെ സംബന്ധിച്ച് 88 വർഷം ഒരു നീണ്ട കാലയളവല്ലായെങ്കിൽ കൂടി ഈ കാലയളവിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ പ്രകടമായ ദൈവപരിപാലന ഏവരെയും അത്ഭുതപ്പെടുത്തുന്നതാണ്. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തിയെകുറിച്ച് 88–ാം പുനരൈക്യ വാർഷികവേളയിൽ നാം ചിന്തിക്കുമ്പോഴും കൂനൻകുരിശു പ്രഖ്യാപനത്തിന്റെ ഗുണപരമായ ഭാവങ്ങളിലേക്കാണ് നാം നയിക്കപ്പെടുക എന്നതാണ് ഏറ്റം ആശ്ചര്യകരമായ വസ്തുത. മലങ്കര അപ്പസ്തോലിക സഭയുടെ ഉൾഭരണ സ്വാതന്ത്ര്യവും ആരാധനാ പൈതൃകവും സംരക്ഷിക്കുക തന്നെയായിരുന്നു 1653–ലെ പ്രതിജ്ഞയുടെ അന്തഃസത്ത. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്ന് അകന്നു നിൽക്കുകയെന്നത് അവരുടെ ചിന്തയേ ആയിരുന്നില്ല. എന്നാൽ ചരിത്ര ഗതിവിഗതികളിൽ അങ്ങനെ വന്നുഭവിച്ചുവെന്നത് ഒരു യാഥാർത്ഥ്യം!

1930–ൽ നടന്ന മലങ്കര പുനരൈക്യ സംഭവത്തിന്റെ ഉള്ളർത്ഥം ഇനിയും മനസ്സിൽ ആഴത്തിൽ പതിയേണ്ട ഇടങ്ങളുണ്ട്. ഒരേ സമയം തന്നെ

മലങ്കരയുടെ ചിരപുരാതനമായ ഉൾഭരണ സ്വാതന്ത്ര്യവും പൈതൃകസംരക്ഷണവും സാർവ്വത്രിക സഭയുമായുള്ള വി. കുർബ്ബാന സംസർഗ്ഗവും സാദ്ധ്യമാണോ? അതെ! എന്ന 1930-ലെയും തുടർന്നുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും ഉത്തരം ഇനിയും കണ്ടില്ലായെന്ന് നടിക്കുന്നത് സത്യത്തിന് നേരെയുള്ള കണ്ണടയ്ക്കലാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ, തനിക്ക് ലഭിച്ച അതിപുരാതനമായ ആരാധനക്രമത്തെ സാർവ്വത്രികസഭയിൽ സമർപ്പിച്ച് ആരാധനാ ജീവിതം പുന:ക്രമീകരിച്ചപ്പോൾ മുതൽ അത്ഭുതകരമായ നിലയിൽ ദൈവം ഈ സഭയിലൂടെ ഇടപെടാൻ തുടങ്ങി. 5 പേരിൽ സമാരംഭിച്ച കൂട്ടായ്മയെ തിരുവനന്തപുരം കേന്ദ്രമാക്കി 1932-ൽ ഒരു മെത്രാപ്പോലീത്തൻ സഭയായി സാർവ്വത്രിക സഭയിൽ സ്ഥിരീകരിക്കുകയും റോമിലെ തിരുസിംഹാസനം എന്നും ഈ സഭയ്ക്ക് കരുതലും സംരക്ഷണവും ഔദാര്യത്തോടെ നൽകി ബലപ്പെടുത്തുകയും ചെയ്തു വന്നു. തിരുവനന്തപുരം അതി ഭദ്രാസനം, തിരുവല്ല ഭദ്രാസനം എന്നീ രണ്ടു കാനോനിക സംവിധാനങ്ങ ളിലൂടെ വളർന്നു മുന്നേറിയ നമ്മുടെ സഭയെ വിവിധ പ്രദേശങ്ങളിൽ ഭദ്രാ സനങ്ങൾ സ്ഥാപിച്ച് തിരുസിംഹാസനം നമ്മുടെ ശുശ്രൂഷകളെ വ്യാപിപ്പിച്ചും അനുഗ്രഹിച്ചും കൊണ്ടേയിരുന്നു. നമ്മുടെ സഭാമക്കളും വൈദികരും സന്യസ്തരും മെത്രാപ്പോലീത്താമാരും സഭാതലവനോട് ചേർന്ന് ഏറ്റം ത്യാഗസമ്പൂർണ്ണവും മനുഷ്യ വളർച്ചക്കുതകുന്നവിധമുള്ള ശുശ്രൂഷകളും സേവനങ്ങളും നൽകി തിരുസിംഹാസനത്തിന്റെ സംരക്ഷണത്തെ എന്നും വിലമതിക്കുകയും സാധൂകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. 2005-ൽ, തന്റെ ശ്ലൈഹീക ശുശ്രൂഷയുടെ അനുഗ്രഹീത വേളയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ, മെത്രാപ്പോലീത്തൻ സഭയിൽ നിന്നും പാത്രിയാർക്കൽ സഭയ്ക്കു സമാനമായ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉയർത്തിയപ്പോൾ കൂനൻകുരിശിലെ ആലാത്തുകൾ മുഴുവൻ പൊട്ടിച്ചിതറി എന്നതാണ് സത്യം! പൗരസ്ത്യ കത്തോലിക്കാ സഭാ നിയമപ്രകാരമുള്ള മേജർ ആർച്ചുബിഷപ്പ് എന്ന സഭാദ്ധ്യക്ഷ സ്ഥാനം മലങ്കരയിലെ കാതോലിക്കോസ് എന്ന പുരാതന പൈതൃക സംജ്ഞയോട് ചേർത്ത് സഭാതലവനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് എന്ന് പ്രഖ്യാപനവേളയിൽത്തന്നെ അഭിസംബോധന ചെയ്യുകയും ഇക്കാര്യം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമസംഹിത വഴിയായി ബലപ്പെടുത്തുകയും ചെയ്തത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൈതൃക സംരക്ഷണത്തിന്റെ സവിശേഷതയായി പരിഗണിക്കപ്പെട്ടു.

88 വർഷക്കാലത്തെ പുനരൈക്യപ്പെട്ട മലങ്കര സഭാസമൂഹത്തിന് ഉണ്ടായ വളർച്ച നമ്മുടെ സഹോദരീസഭകൾക്ക് പ്രചോദനമാകണം. തായ്ത്തണ്ടിനോട് ചേർന്നു നിന്നപ്പോൾ ശാഖക്കുണ്ടായ വളർച്ച നിക്ഷ്പക്ഷമായി വിലയിരുത്തപ്പെടട്ടെ! കത്തോലിക്കാ സഭയെക്കുറിച്ചും മലങ്കര പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചുമുള്ള മുൻവിധിയും പക്ഷപാതപരമായ നിലപാടുകളും മാറ്റിവച്ച് ദൈവാത്മാവിന്റെ വെളിച്ച ത്തിൽ പരിശോധിക്കപ്പെടുകതന്നെ വേണം.

മലങ്കരസഭ സാർവ്വത്രിക സഭയുമായുള്ള ഐക്യത്തിലേക്ക്

പുനഃപ്രവേശനം നടത്തിയിട്ട് 2030 സെപ്റ്റംബർ 20 ആകുമ്പോൾ ഒരു നൂറ്റാണ്ട് പൂർണ്ണമാവുകയാണ്. കക്ഷിവഴക്കുകളിലും വ്യവഹാരങ്ങളിലും വിധിന്യായങ്ങളുടെ നൂലാമാലകളിലും കുടുങ്ങിക്കിടന്ന മലങ്കര സഭയെ, സാർവ്വത്രിക സഭാകൂട്ടായ്മയുടെ ഐക്യത്തിൽ പരിപോഷിപ്പിക്കുവാനും, നമ്മുടെ നാഥനും രക്ഷകനുമായ പുത്രൻ തമ്പുരാൻ, "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (വി. മർക്കോസ് 16:15) എന്ന് കൽപ്പിച്ച് നൽകിയ ദൗത്യം കൂടുതൽ ഫലദായകവും കാലിക പ്രസക്തവുമാക്കാനും മലങ്കര സുറിയാനി സഭയ്ക്ക് കഴിഞ്ഞുവെന്നത് ദൈവകൃപയുടെ ഏറ്റം മിഴിവാർന്ന സാക്ഷ്യം! ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ സഭാസംഭവമായി ലോകമാധ്യമങ്ങൾ വിശേഷിപ്പിച്ച പുനരൈക്യപ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കാൻ 11 വർഷം മാത്രം അവശേഷിക്കുമ്പോൾ, തുടർന്നുള്ള ദിനങ്ങൾ സഭയൊന്നാകെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും പങ്കുവയ്ക്കലിന്റെയും അവസരങ്ങളാക്കി മാറ്റുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം!

**കേരളത്തിലെ ജലപ്രളയ ദുരന്തം**

കേരളം ഈ നൂറ്റാണ്ടിൽ കണ്ട ഏറ്റവും വലിയ പ്രളയ ദുരന്തത്തിന് നാം സാക്ഷികളാണ്. തുടർച്ചയായുള്ള മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും കേരളം നിശ്ചലമായി എന്നുതന്നെ പറയാം. അനേകലക്ഷം ആളുകളെ പ്രതികൂലമായി ബാധിച്ച ഈ വിഷയത്തിൽ കേരളത്തിന് നാൽപ്പതിനായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. അനേകം കുടുംബങ്ങൾ നിരാലംബരായി മാറിയ ഒരു കാഴ്ച! കേരളം ഒന്നാകെ, ജാതി, മത, രാഷ്ട്രീയ ചിന്തകൾ മാറ്റിവച്ച്, ഒരു ജനതയായി, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി മുന്നേറിയത് നമുക്കു നൽകിയ ആത്മവിശ്വാസം ചെറുതല്ല. സാമ്പത്തിക സഹായം ഏവർക്കും എത്തിക്കുന്നതിന്റെ ഭാഗമായി പൊതുഫണ്ട് രൂപീകരിക്കുന്നതിന് ബഹുമാന്യനായ കേരള സംസ്ഥാന മുഖ്യമന്ത്രി നടത്തിയ ആഹ്വാനത്തോട് ഒട്ടേറെ സുമനസ്സുകൾ സഹകരിച്ചുകൊണ്ടിരിക്കുന്നു. നാടിനൊപ്പം നമ്മുടെ സഭയും കൂടെയുണ്ട് എന്നതിന്റെ സൂചകമായി ധനസമാഹരണത്തിന്റെ പ്രഥമ ദിനങ്ങളിൽ തന്നെ നമ്മുടെ സഭയുടെ വകയായി 25 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തി (16.08.2018) ഞാൻ നാടിന് സമർപ്പിച്ചിരുന്നു. ക്രിസ്തീയ സഭകളിൽ നിന്നു നമ്മുടെ സഭയാണ് ഇപ്രകാരം ആദ്യമായി ഒരു മാതൃക നൽകി എന്നതിൽ നമുക്കേവർക്കും അഭിമാനമുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നന്ദി രേഖാമൂലം എന്നെ അറിയിച്ചിട്ടുമുണ്ട്. ഓണാഘോഷവും പൊതു ആഘോഷങ്ങളുമെല്ലാം ഒഴിവാക്കി കേരള ജനത ഒന്നായി ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ക്രൈസ്തവ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സാക്ഷ്യവും മാതൃകയുമാകുവാൻ നമുക്കുള്ള ഉത്തരവാദിത്വത്തെ ഓർത്ത് 2018 സെപ്റ്റംബർ 19,20,21 തീയതികളിൽ 88-ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിരുന്നത് ഒഴിവാക്കാൻ തീരുമാനിച്ച വിവരം നേരത്തേ അറിയിച്ചിരുന്നുവല്ലോ. ഓഗസ്റ്റ് 18, 19 തീയതികളിൽ

പ്രാർത്ഥനാ ദിനമായി ആചരിക്കുന്നതിന് ഞാൻ നൽകിയ ആഹ്വാനത്തോട് നിങ്ങളേവരും സഹകരിച്ചതിൽ എല്ലാവർക്കും നന്ദി അറിയിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ ബഹു. വൈദികരും സമർപ്പിതരും മലങ്കര മേജർ സെമിനാരിയിലെ ശെമ്മാശ്ശന്മാരും എം.സി.വൈ.എം., എം.സി.എ., തുടങ്ങി പ്രേഷിതവേദികളിലെ സഹോദരങ്ങളും നമ്മുടെ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും നമ്മുടെ ഭദ്രാസനങ്ങളിലെ സാമൂഹികക്ഷേമ പ്രവർത്തനകേന്ദ്രങ്ങളും അവയിലെ സഹകാരികളും ഒന്നിച്ച് വിവിധ പ്രദേശങ്ങളിൽ നൽകിയ ക്രൈസ്തവ സാക്ഷ്യം ഏറെ അഭിമാനത്തോടെ ഞാൻ കാണുന്നു. നിങ്ങളുടെ വലിയ മാതൃക ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് സ്വരൂപിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഏറ്റവും ഉത്തരവാദിത്വത്തോടെ ഈ സമാഹരണത്തിൽ ഇടപെടണമെന്ന് സ്നേഹത്തോടെ എല്ലാവരേയും ഞാൻ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഏറ്റവും അർഹരായ കുടുംബാംഗങ്ങൾക്ക് പ്രസ്തുത തുക എത്തിച്ചു നൽകുന്നതുമാണ്. നിങ്ങളേവരുടെയും ഔദാര്യത്തിന് മുൻകൂട്ടി ഞാൻ നന്ദിപറയുന്നു.

**ഇടവകതലത്തിൽ പുനരൈക്യവാർഷികം**

മൂവാറ്റുപുഴയിൽ വച്ച് സഭാതലത്തിൽ നടത്തുവാനിരുന്ന പുനരൈക്യവാർഷിക ആഘോഷങ്ങൾ ഒഴിവാക്കിയ പശ്ചാത്തലത്തിൽ പുനരൈക്യവാർഷികം നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലും ലളിതമായി ആഘോഷിക്കുന്നതിന് ഞാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു. **2018 സെപ്റ്റംബർ 20-ന്** നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ഈ നിയോഗത്തിൽ വി. കുർബാന അർപ്പിക്കുകയും നമ്മുടെ സഭയുടെ ഐക്യ, സുവിശേഷപ്രഘോഷണ ദൗത്യങ്ങളെക്കുറിച്ച് പ്രചോദനാത്മകമായ സന്ദേശം/പ്രബോധനം നൽകുകയും ചെയ്യുവാൻ ബഹു. വികാരിയച്ചന്മാരെ ഞാൻ പ്രത്യേകം ചുമതലപ്പെടുത്തുന്നു. വി. കുർബാനയെത്തുടർന്ന് എല്ലാ ദൈവാലയങ്ങളിലും കാതോലിക്കാ പതാക ഉയർത്തി പ്രതിജ്ഞ ചൊല്ലേണ്ടതുമാണ്. സെപ്റ്റംബർ 20, 21 തീയതികളിൽ വി. കുർബാനയുടെ ആരാധനയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകളും പഠനശിബിരവും നടത്തുന്നത് ഏറെ അനുഗ്രഹപ്രദമായിരിക്കും. പുനരൈക്യവാർഷികത്തിന്റെ ഭാഗമായി നമ്മുടെ ഓരോ ഇടവകയും/മിഷൻ കേന്ദ്രവും ഒരു ചെറിയ ജീവകാരുണ്യ പ്രവർത്തിയെങ്കിലും അന്ന് ചെയ്യുന്നത് സ്വർഗ്ഗത്തോട് നമ്മെ ഒരു പടികൂടി അടുപ്പിക്കുമെന്നത് തീർച്ചയാണ്. സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും പുതുതലമുറയെ ഒരുക്കുന്നതിനും ബലപ്പെടുത്തുന്നതിനും ഈ പുനരൈക്യവാർഷിക ദിനം ഉതകുമാറാകട്ടെ!

88-ാം പുനരൈക്യവാർഷികാഘോഷത്തിന് തയ്യാറെടുപ്പു നടത്തി കാര്യപരിപാടികൾ നന്നായി ക്രമീകരിച്ചു വരികയായിരുന്നു, മൂവാറ്റുപുഴ ഭദ്രാസനം. സഭാതലത്തിലുള്ള പുനരൈക്യ വാർഷികാഘോഷങ്ങൾ ഒഴിവാക്കിയതുമൂലം ഭദ്രാസനത്തിന് ക്ലേശമുണ്ടായി എന്നത് മനസ്സിലാക്കുന്നു. എന്നാൽ തികച്ചും അഭിനന്ദനാർഹമായ സമീപനവും സമർപ്പണവും നടത്തിയ മൂവാറ്റുപുഴ ഭദ്രാസനത്തെ മുഴുവൻ - ഭദ്രാസനാദ്ധ്യക്ഷൻ അഭി

വന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായേയും, സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ തെയൊഡോഷ്യസ് തിരുമേനിയേയും ബഹു. വൈദികർ, സിസ്റ്റേഴ്സ്, ദൈവജനം മുഴുവനേയും ഞാൻ പ്രത്യേക നന്ദി അറിയിക്കുന്നു.

**ക്രൈസ്തവ സാക്ഷ്യം തുടരാം**

ദുരിതമനുഭവിക്കുന്ന നമ്മുടെ എല്ലാ സഹോദരങ്ങളോടും പ്രതിബദ്ധത അറിയിക്കുന്നതിനുള്ള ഉത്തരവാദിത്ത്വം നമുക്കുണ്ടല്ലോ. നമ്മുടെ വ്യക്തിപരവും ശുശ്രൂഷാപരവും കുടുംബം, ഇടവക, ഭദ്രാസനം, സഭ എന്നീ തലങ്ങളിലുമുള്ള ആഘോഷവേളകളിൽ ലാളിത്യം നിറയട്ടെ! പെരുന്നാളുകൾ, ജൂബിലി ആഘോഷം, സഭാകൂടിവരവുകൾ ഇവയെല്ലാം ആർഭാടരഹിതമായ ആചരണങ്ങൾ മാത്രമേ നടത്താവൂ എന്നത് ഏവരേയും സ്നേഹപൂർവ്വം അറിയിക്കുന്നു. 2019-ലെ ഈസ്റ്റർ ദിനം വരെ ഈ തീവ്രമായ ലാളിത്യസമീപനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷാവേദികളിലും കുടുംബങ്ങളിലും അഭിഷിക്തരിലും സമർപ്പിതരിലും നിറഞ്ഞുനിൽക്കട്ടെ. ഇടവക തിരുനാൾ ആഘോഷം ആത്മീയതലത്തിൽ മാത്രം ആചരിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ വാർഷിക ദിനാഘോഷങ്ങളിലും മേൽപ്പറഞ്ഞ ലാളിത്യം പാലിക്കേണ്ടതാണ്. ആർഭാടങ്ങൾ, ആഘോഷങ്ങൾ ഇവ ഒഴിവാക്കുന്നതുവഴി ലഭിക്കുന്ന തുക ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് പങ്കുവച്ചു നൽകേണ്ടതുമാണ്.

**2018-ൽ റോമിൽ നടക്കുന്ന സിനഡ്**

സഭയുടെ യുവജനങ്ങളെക്കുറിച്ച് പ്രത്യേകം വിധം ആലോചിക്കുന്നതിനും വിലയിരുത്തുന്നതിനും സാക്ഷ്യജീവിതത്തിന് യുവജനതയെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിച്ച് 2018 ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ വിളിച്ചുകൂട്ടുന്ന സുന്നഹദോസിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമെന്ന നിലയിൽ മലങ്കരസഭയുടെ പ്രതിനിധിയായി ഞാൻ പങ്കെടുക്കുന്നതാണ്. സുന്നഹദോസിന്റെ ദൈവികമായ നടത്തിപ്പിനുവേണ്ടി നിങ്ങളേവരും പ്രത്യേകമായി പ്രാർത്ഥിക്കണം.

തിരുസഭയുടെയും നമ്മുടെ ദേശത്തിന്റെ പ്രത്യേക ആവശ്യങ്ങളും നിയോഗങ്ങളും ദൈവതിരുസന്നിധിയിൽ സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ വിനീത ശുശ്രൂഷി,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

03.09.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3138/K-5/KCBC/OL/DS 31 August 2018

# സൃഷ്ടി സംരക്ഷണത്തിനുള്ള ലോക പ്രാർത്ഥനാദിനം
# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം
# 1, സെപ്തംബർ 2018

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പൊതുഭവനം നമുക്കു സമ്മാനമായി തന്ന കർത്താവിനും അതിനെ സംരക്ഷിക്കാൻ സ്വയം സമർപ്പണം ചെയ്തവർക്കും ഈ പ്രാർത്ഥനാദിനത്തിൽ ആദ്യമായി ഞാൻ നന്ദി പറയുന്നു. പരിസ്ഥിതിയുടെ സംരക്ഷണത്തിനും അതിനെക്കുറിച്ചുള്ള പഠനം പുരോഗമിപ്പിക്കുന്നതിനുംവേണ്ടിയുള്ള അനേകം പദ്ധതികളെക്കുറിച്ചും ഞാൻ നന്ദിയുള്ളവനാണ്. കൂടുതൽ സ്ഥിരതയുള്ള കൃഷി, കൂടുതൽ ഉത്തരവാദിത്വത്തോടുകൂടിയുള്ള പരിപോഷണം, വിദ്യാഭ്യാസപരവും ആധ്യാത്മികവും ലിറ്റർജിപരവുമായ വിവിധ സംരംഭങ്ങളും ഉണ്ട്. അവയിൽ സൃഷ്ടിസംരക്ഷണത്തിനുവേണ്ടി ലോകമെങ്ങും ക്രൈസ്തവർ ഉൾപ്പെട്ടിട്ടുണ്ട്. അവയിൽ അധ്വാനിക്കുന്നവരോടും ഞാൻ നന്ദി പറയുന്നു.

ഉത്തരവാദിത്വപൂർവ്വം സൃഷ്ടി സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ വിജയിച്ചിട്ടില്ല എന്നു നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആഗോളതലത്തിലും അനേകം സവിശേഷസ്ഥലങ്ങളിലുമുള്ള പാരിസ്ഥിതിക സാഹചര്യത്തെ തൃപ്തികരമാംവിധം പരിഗണിക്കാൻ സാധിക്കുന്നില്ല. മനുഷ്യവംശവും സൃഷ്ടിയും തമ്മിൽ നവീകൃതവും ഗുണപരവുമായ ബന്ധം ആവശ്യമാണെന്ന ബോധം വളർന്നിട്ടുണ്ടെന്നത് ശരിയാണ്. ഇപ്പോഴത്തെ തലമുറയ്ക്കും വരുംതലമുറകൾക്കും ഉപകാരപ്പെടാൻ നമ്മുടെ ഗ്രഹത്തെ കൂടുതൽ നന്നായി സംരക്ഷിക്കണം. മനുഷ്യവംശത്തെക്കുറിച്ചുള്ള ആത്മാർത്ഥവും സമഗ്രവുമായ വീക്ഷണം മാത്രമേ അതിന് അനുവദിക്കുകയുള്ളൂ എന്ന അവബോധം വളർന്നിട്ടുണ്ട്. എന്തെന്നാൽ ''പര്യാപ്തമായ മനുഷ്യശാസ്ത്രമില്ലാതെ പരിസ്ഥിതിയില്ല'' (*Laudato Si,* 118).

സൃഷ്ടി സംരക്ഷണത്തിനുവേണ്ടിയുള്ള ആഗോളപ്രാർത്ഥനാദിനം അനേകം വർഷങ്ങളായി കത്തോലിക്കാസഭ ആചരിക്കുന്നുണ്ട്. ഓർത്തഡോക്സ് സഹോദരീസഹോദരന്മാരോടുമുള്ള ഐക്യത്തിലും മറ്റു സഭകളുടെയും ക്രൈസ്തവസമൂഹങ്ങളുടെയും ഭാഗഭാഗിത്വത്തിലുമാണ് അത് ആചരിക്കുന്നത്. ഈ പ്രാർത്ഥനാചരണദിനത്തിൽ ജലം എന്ന പ്രശ്നത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വളരെ ലളിതവും അമൂല്യവുമായ ഘടകമാണ്. പക്ഷേ, അനേകർക്ക് അത് ലഭിക്കുന്നില്ല അല്ലെങ്കിൽ അതിന്റെ ലഭ്യത അസാധ്യമല്ലെങ്കിലും പ്രയാസമുള്ളതാണ് എന്നത് ദുഃഖകരം തന്നെ. ഏതായാലും ''അപകടകരമല്ലാത്ത കുടിനീർ ലഭിക്കുകയെന്നത് മൗലികവും സാർവത്രികവുമായ മനുഷ്യാവകാശമാണ്. കാരണം, മനുഷ്യന്റെ നിലനില്പിന് അത് അനുപേക്ഷണീയമാണ്.

അതിന്റെ ലഭ്യത മറ്റു മാനുഷികാവകാശങ്ങൾ അനുഭവിക്കുവാനുള്ള വ്യവസ്ഥയുമാണ്. കുടിവെള്ളം കിട്ടാത്ത ദരിദ്രരോട് നമ്മുടെ ലോകത്തിന് വലിയ സാമൂഹിക കടമയുണ്ട്. കാരണം, സ്വകീയ മാനുഷിക മഹത്ത്വത്തോടെ ജീവിക്കാനുള്ള അവകാശം അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു (ibid. 30).

നമ്മുടെ ഉത്പത്തിയെപ്പറ്റി ചിന്തിക്കാൻ ജലം നമ്മെ ക്ഷണിക്കുന്നു. മനുഷ്യശരീരം ഭൂരിഭാഗവും ജലംകൊണ്ടു നിർമ്മിച്ചതാണ്. ലോകചരിത്രത്തിൽ കാണുന്ന അനേകം സംസ്കാരങ്ങൾ മഹാനദികളുടെ തീരങ്ങളിലാണ് ഉദ്ഭവിച്ചത്. അത് ആ സംസ്കാരങ്ങളുടെ തനിമയെ മുദ്രിതമാക്കുന്നു. ഉത്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽ ശ്രദ്ധേയമായ ഒരു പ്രതിരൂപത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ആരംഭത്തിൽ സ്രഷ്ടാവിന്റെ ചൈതന്യം ജലത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു" (ഉത്പ 1:2).

സൃഷ്ടിയിലും മനുഷ്യവംശത്തിന്റെ വികസനത്തിലും ജലത്തിനുള്ള മൗലികമായ പങ്ക് പരിഗണിച്ച് "സഹോദരിയായ ജലത്തെ" ഓർത്ത് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. നമ്മുടെ ഗ്രഹത്തിൽ മറ്റ് എന്തിനെക്കാളും ലളിതവും ഉപയോഗപ്രദവുമാണു ജലം. ഇക്കാരണത്താൽത്തന്നെ ജലത്തിന്റെ ഉറവിടങ്ങളും നദീതടങ്ങളും സംരക്ഷിക്കുകയെന്നത് അടിയന്തിര സ്വഭാവമുള്ള അത്യാവശ്യമാണ്. ഇന്ന് എല്ലാകാലത്തെക്കാളും ഉപരിയായി നാം തൊട്ടടുത്ത താത്പര്യങ്ങൾക്ക് അപ്പുറത്തേക്കു നോക്കണം (cf *Laudata Si* 36). വസ്തുക്കളുടെ കേവലം ഉപഭോഗപരമായ വീക്ഷണത്തിന് അപ്പുറത്തേക്കു നീങ്ങണം. "അതിൽ കാര്യക്ഷമതയും ഉത്പാദനക്ഷമതയും പൂർണമായും നമ്മുടെ വ്യക്തിപരവുമായ ഉപകാരത്തിനുവേണ്ടിയുള്ളതാണ്" (ibid. 159). സ്വാഭാവിക വിഭവമായ ജലത്തെ സമീപിക്കാനുള്ള മനുഷ്യാവകാശത്തെ തകർക്കുന്ന സ്വകാര്യവത്കരണം അംഗീകരിക്കത്തക്കതല്ല. ഇക്കാര്യം അംഗീകരിക്കുന്ന സഹകരണാധിഷ്ഠിതമായ പദ്ധതികളും വസ്തുനിഷ്ഠമായ പ്രവർത്തനവും ഉണ്ടാവുക അത്യാവശ്യമാണ്.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ജലം ശുദ്ധീകരണത്തിൽ ജീവന്റെ നിലനിറുത്തലിനുമുള്ള അവശ്യഘടകമാണ്. പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെട്ട ജലം എന്ന വസ്തുകൊണ്ടാണ് ദൈവം നമുക്കു ജീവൻ നല്കിയതും നമ്മെ നവീകരിച്ചതും. മരണമില്ലാത്ത ജീവന്റെ അനുഗൃഹീതമായ ഉറവിടമാണത്. വിവിധ വിഭാഗങ്ങളിൽപെട്ട ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പൂർണമായ ഐക്യത്തിലേക്കുള്ള വഴിയിൽ കൂടുതൽ യഥാർത്ഥമായ സാഹോദര്യം അനുഭവിക്കുന്നതിനുവേണ്ടിയുള്ളതും പകരം വയ്ക്കാനാവാത്തതുമായ യഥാർത്ഥ സ്ഥാനമാണ് മാമ്മോദീസ. യേശു തന്റെ ദൗത്യനിർവഹണത്തിൽ എന്നേക്കും മനുഷ്യന്റെ തൃപ്തിപ്പെടുത്താനാവാത്ത ദാഹം ശമിപ്പിക്കാൻ കഴിവുള്ള ജലം വാഗ്ദാനം ചെയ്തു (cf യോഹ 4:14). അവിടന്ന് ഇങ്ങനെ പ്രസ്താവിച്ചു "ആർക്കെങ്കിലും ദാഹിക്കുന്നുണ്ടെങ്കിൽ അവർ എന്നിലേക്കു വന്നു പാനം ചെയ്യട്ടെ" (യോഹ 7:37). യേശുവിൽ നിന്നു കുടിക്കുക എന്നതിന്റെ അർത്ഥം കർത്താവെന്ന നിലയിൽ അവിടത്തെ വ്യക്തിപരമായി കണ്ടുമു

ട്ടുകയെന്നതും അവിടത്തെ വാക്കുകളിൽ നിന്ന് ജീവന്റെ അർത്ഥം സ്വീകരിക്കുകയെന്നതുമാണ്. കുരിശിൽക്കിടന്ന് അവിടുന്നു പറഞ്ഞു: "എനിക്കു ദാഹിക്കുന്നു" (യോഹ 19:28) എന്ന വാക്യം നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരം പ്രതിധ്വനിക്കട്ടെ. തന്റെ ദാഹം ശമിപ്പിക്കണമെന്ന് അവിടന്ന് തുടർന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടന്ന് സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. നമ്മുടെ കാലഘട്ടത്തിൽ ദാഹിക്കുന്ന എല്ലാവരിലൂടെയും തനിക്ക് ദാഹജലം നല്കാൻ അവിടുന്നു നമ്മോട് ആവശ്യപ്പെടുന്നു. അവരോട് ഇങ്ങനെ പറയാനും ആവശ്യപ്പെടുന്നുണ്ട്. "എനിക്കു ദാഹിച്ചു നിങ്ങൾ എനിക്കു കുടിക്കാൻ തന്നു'' (മത്താ 25:35). ആഗോളഗ്രാമത്തിൽ കുടിക്കാൻ കൊടുക്കുകയെന്നത് പരസ്നേഹത്തിന്റെ വ്യക്തിപരമായ പ്രവൃത്തികളെ മാത്രമല്ല ഉൾക്കൊള്ളുന്നത്. എല്ലാവർക്കും പ്രാഥമിക വസ്തു ആയ ജലം ഉറപ്പുവരുത്താൻ വസ്തുനിഷ്ഠമായ തിരഞ്ഞെടുപ്പുകളും സ്ഥിരസമർപ്പണവും ഉണ്ടായിരിക്കുകയെന്നതുകൂടി ഉൾക്കൊള്ളുന്നു.

കായലുകളുടെയും കടലുകളുടെയും കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വലിയ ജലസംഭരണികളാകുന്ന ഹൃദയസ്പർശകവും വിസ്മയനീയവുമായ ദാനത്തെയോർത്ത് സ്രഷ്ടാവിനു നന്ദിപറയുക നമ്മുടെ കടമയാണ് (cf. ഉത്പ. 1: 20-21; സങ്കീ.146:6). ഭൂമിയെ സമുദ്രങ്ങൾകൊണ്ട് നിറച്ചതിനും നാം അവിടുത്തെ സ്തുതിക്കണം (cf. സങ്കീ. 104:6). അളവറ്റ, വ്യാപകമായ കായലുകളെയും അവയുടെ നിരന്തരചലനത്തെയും ചിന്തിക്കുമ്പോൾ ദൈവത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിക്കാനുള്ള അവസരം ലഭിക്കും. ദൈവം എന്നും തന്റെ സൃഷ്ടികളോടൊപ്പമുണ്ട്. അവയുടെ ചലനത്തെ അവിടന്നു നയിക്കുന്നു. അവയുടെ അസ്തിത്വത്തെ അവിടന്ന് താങ്ങിനിറുത്തുന്നു (cf. St. John Paul II, Catechesis of M Mary 1986).

വിലമതിക്കാനാവാത്ത നിധിയെ നമ്മൾ സ്ഥിരം സൂക്ഷിക്കണം. അത് ഇന്ന് ഒഴിച്ചുകൂടാനാവാത്ത കടമയും യഥാർത്ഥ വെല്ലുവിളിയുമാണ്. സ്രഷ്ടാവിന്റെ തുടർപ്രവർത്തനത്തെ സഹായിക്കുകയെന്നത് സന്മനസ്സുള്ള സ്ത്രീ പുരുഷന്മാരുടെ പരസ്പരമുള്ള കാര്യക്ഷമമായ ഒരാവശ്യമാണ്. കാര്യക്ഷമമായ നിയമങ്ങളും നിയന്ത്രണമാർഗങ്ങളും ഇല്ലാത്തതുകൊണ്ട് അനേകം പരിശ്രമങ്ങൾ പരാജയപ്പെടുന്നുവെന്നത് ദു:ഖകരമാണ്. ദേശീയ അതിരുകൾക്ക് അപ്പുറത്തുള്ള സമുദ്രതീര പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചും അങ്ങനെ സംഭവിക്കുന്നു (cf. *Laudato Si* 174). നമ്മുടെ കായലുകളും സമുദ്രങ്ങളും ഒഴുക്കിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് പാടങ്ങൾകൊണ്ട് മലിനമാക്കപ്പെടാൻ നമ്മൾ സമ്മതിക്കരുത്. ഇവിടെ ഈ അത്യാഹിതത്തെ നേരിടാൻ നമ്മുടെ സജീവമായ സമർപ്പണം ആവശ്യമാണ്. എല്ലാം ദൈവത്തിന്റെ പരിപാലനയെ ആശ്രയിച്ചിരിക്കുകയാൽ നാം പ്രാർത്ഥിക്കണം. എല്ലാം നമ്മെ ആശ്രയിച്ചിരിക്കുന്നുവെന്നതിൽ നമ്മൾ അധ്വാനിക്കുകയുംവേണം.

വെള്ളം ജനതകൾ തമ്മിലുള്ള വേർതിരിവിന്റെ അടയാളമായിത്തീരാതിരിക്കാൻവേണ്ടി, മനുഷ്യവംശത്തിനുവേണ്ടിയുള്ള കണ്ടുമുട്ടലിന്റെ അട

യാളമായിരിക്കാൻവേണ്ടി, നാം പ്രാർഥിക്കണം. കൂടുതൽ നല്ല ഭാവിക്കുവേണ്ടി നാം പ്രാർഥിക്കണം. കൂടുതൽ നല്ല ഭാവിക്കുവേണ്ടി കടലിൽ അപകടസാധ്യതയോടെ കഴിഞ്ഞുകൂടുന്നവരുടെ സുരക്ഷിതത്വത്തിനായി നമുക്കു പ്രാർഥിക്കാം. കർത്താവിനോടും ശ്രേഷ്ഠമായ രാഷ്ട്രീയസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോടും ഇന്നത്തെ വൈകാരിക പ്രശ്നങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരോടും നമുക്കു അപേക്ഷിക്കാം. കുടിയേറ്റക്കാർ, കാലാവസ്ഥാമാറ്റം, പ്രാഥമികവസ്തുക്കൾ എല്ലാവർക്കും ഉപയോഗിക്കാനുള്ള അവകാശം എന്നിവ വൈകാരികപ്രശ്നങ്ങളാണ്. അവയെ ഉദാരതയോടും ദീർഘവീക്ഷണമുള്ള ഉത്തരവാദിത്വത്തോടുംകൂടി, സഹകരണ ചൈതന്യത്തിൽ, പ്രത്യേകിച്ച് സഹായിക്കാൻ ഏറ്റവും കഴിവുള്ളവരുടെ സഹകരണത്തിൽ കൈകാര്യം ചെയ്യാൻവേണ്ടി അപേക്ഷിക്കാം.

കടലിൽ പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചിട്ടുള്ള എല്ലാവർക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം. സമുദ്രപരമായ പരിസ്ഥിതി ഉൾക്കൊള്ളുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ സഹായിക്കുന്നവർക്കുവേണ്ടിയും, വ്യക്തികൾ, രാജ്യങ്ങൾ, വസ്തുക്കൾ, പ്രകൃതിവിഭവങ്ങൾ എന്നിവയെ സംരക്ഷിക്കാൻ വികസനത്തിനും അന്താരാഷ്ട്രനിയമങ്ങളുടെ പ്രയോഗത്തിനും സഹായിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. പ്രകൃതി വിഭവങ്ങളുടെ ഉദാഹരണങ്ങളാണ് പ്രാണികൾ, സസ്യങ്ങൾ, പവിഴ കടൽപ്പാറനിരകൾ (cf ibid. 41) കടൽത്തീരങ്ങൾ എന്നിവ. വ്യക്തി താത്പര്യങ്ങൾക്കല്ലാതെ മുഴുവൻ മനുഷ്യകുടുംബത്തിന്റെയും പൊതുനന്മയെ ലക്ഷ്യമാക്കി സമഗ്രവികസനത്തിന് ഉറപ്പുനല്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാം. സമുദ്രതീരങ്ങളെ സംരക്ഷിക്കാൻ അധ്വാനിക്കുന്ന എല്ലാവർക്കുംവേണ്ടി, സമുദ്രങ്ങളെയും സമുദ്രങ്ങളിലുള്ള വിവിധ ജന്തുജാലങ്ങളെയും സംരക്ഷിക്കാൻവേണ്ടി അധ്വാനിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാം. ഈ ദൗത്യം ഉത്തരവാദിത്വബോധത്തോടും സമഗ്രതയോടും കൂടി അവർ നിർവഹിക്കാൻ വേണ്ടി പ്രാർത്ഥിക്കാം.

അവസാനമായി, യുവതലമുറയെ പരിഗണിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. അവർ നമ്മുടെ പൊതുഭവനത്തെക്കുറിച്ചുള്ള അറിവിലും ആദരത്തിലും വളർന്നുവരാൻ, എല്ലാവരുടെയും ഉപകാരത്തിനായി ജലമെന്ന സാരാംശപരമായ നന്മയെ സൂക്ഷിക്കാനുള്ള ആഗ്രഹത്തിൽ വളരാൻ നമുക്കു പ്രാർത്ഥിക്കാം. അവശ്യാവശ്യകമായ ഈ വിഭവത്തെ അനുഭവിക്കാൻ എല്ലാവരെയും വസ്തുനിഷ്ഠമായി കൂടുതൽ കൂടുതൽ സഹായിക്കാൻ ക്രൈസ്തവസമൂഹങ്ങൾ തയ്യാറാകുമെന്നാണ് പ്രാർത്ഥനാനിർഭരമായ പ്രത്യാശ. സ്രഷ്ടാവിൽ നിന്നു സ്വീകരിച്ച ദാനങ്ങളെ, പ്രത്യേകിച്ച് നദികൾ, കായലുകൾ,കടലുകൾ എന്നിവയെ ആദരപൂർവം സംരക്ഷിക്കാൻ അവർ സംഭാവന നല്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 1 സെപ്തംബർ 2018

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

# സഭാ വാർത്തകൾ

## കേരളത്തിനുവേണ്ടി മാർപാപ്പയുടെ പ്രാർത്ഥന

പെരുമഴയും പ്രളയവും മൂലം ദുരിതത്തിലായ കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി ഫ്രാൻസിസ് മാർപാപ്പ പ്രത്യേക പ്രാർത്ഥന നടത്തി. സെന്റ് പീറ്റേഴ്സ് അങ്കണത്തിൽ ഞായറാഴ്ചയിലെ ത്രികാലജപത്തിനെത്തിയ ആയിരങ്ങൾക്കൊപ്പമായിരുന്നു, കേരളത്തിലെ പ്രശ്നങ്ങൾ പ്രത്യേകം പരാമർശിച്ചുകൊണ്ട് മാർപാപ്പ പ്രാർത്ഥിച്ചത്. കേരള സമൂഹത്തിന് അന്താരാഷ്ട്ര സമൂഹത്തിന്റെ പിന്തുണയും ഐക്യദാർഢ്യവും പൂർണമായ രൂപത്തിൽ ഉണ്ടാകണമെന്ന് മാർപാപ്പ ആവശ്യപ്പെട്ടു. കേരള ജനതയ്ക്ക് സഹായമെത്തിക്കാൻ കഷ്ടപ്പെടുന്ന കേരളസഭയ്ക്ക് പാപ്പ പിന്തുണ പ്രഖ്യാപിച്ചു.

## വത്തിക്കാനിൽ പുതിയ ഡെപ്യൂട്ടി സ്റ്റേറ്റ് സെക്രട്ടറി

വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയേറ്റിൽ പൊതുകാര്യങ്ങളുടെ ഡെപ്യൂട്ടി സെക്രട്ടറിയായി ആർച്ച്ബിഷപ്പ് എഡ്ഗാർ പെനായെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഇപ്പോൾ മൊസംബിക്കിലെ വത്തിക്കാൻ സ്ഥാനപതിയായി പ്രവർത്തിക്കുകയാണ് അദ്ദേഹം. കർദ്ദിനാൾ ആഞ്ജെലോ ബെച്ചിയൂവിന് പകരമാണ് ഈ നിയമനം.

# രൂപതാ വാർത്തകൾ

## പ്രളയബാധിതരോടൊപ്പം ഇടയശ്രേഷ്ഠന്റെ പൊന്നോണം

മനുഷ്യരെല്ലാരുമൊന്നുപോലെ എന്ന് അക്ഷരാർത്ഥത്തിൽ തെളിയിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷൻ പ്രളയ ദുരന്തത്തിനിരയായ ആദിവാസി സമൂഹത്തിനോടൊപ്പം ഓണസദ്യയിൽ പങ്കെടുത്തു. പുൽപ്പള്ളി പഞ്ചായത്തിലെ പാക്കത്തിനടുത്ത് പുഴയോരങ്ങളിൽ അധിവസിച്ചിരുന്നവരുടെ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് പാക്കം ഗവ. എൽ. പി. സ്കൂൾ ക്യാമ്പിൽ അഭയം പ്രാപിച്ചവരോടൊപ്പമായിരുന്നു അഭിവന്ദ്യ പിതാവിന്റെ ഓണസദ്യ. അടുത്ത നാളുകളിൽ കേരളത്തിലുണ്ടായ പ്രളയം നമുക്ക് പുതിയ ജീവിതപാഠങ്ങൾ നൽകുന്നുണ്ടെന്നും മാവേലി തമ്പുരാന്റെ കാലത്തെ പോലെ എല്ലാവരും വർണ്ണ-വർഗ്ഗ, ജാതി-മത വിത്യാസമില്ലാതെ ഒന്നുപോലെ വസിക്കാനുള്ള ആഹ്വാനമാണ് ഇത് നൽകുന്നത് എന്നു തന്റെ ആശംസ സന്ദേശത്തിൽ പിതാവ് പറഞ്ഞു. പ്രളയ ദുരിതത്തിനിരയായവരോട് ചേർന്ന് നടത്തിയ തിരുവോണ സദ്യയിൽ ഫ്രണ്ട്സ് ഓഫ് വയനാട്, ശ്രേയസ്, റെയിൽവേ ആക്ഷൻ കമ്മിറ്റി, വ്യാപാരി വ്യവസായി

ഏകോപന സമിതി, വൈസ്മെൻ, ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി, വൈ.എം.സി.എ. എന്നീ സംഘടനകളും പങ്കാളികളായി.

## കെ.സി.ബി.സി വാർഷിക ധ്യാനം

ഓഗസ്റ്റ് 7 മുതൽ 11 വരെ കാക്കനാട് മൗണ്ട് കാർമ്മൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന കേരള കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ വേണ്ടിയുള്ള വാർഷിക ധ്യാനത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു.

## ഹോളി ട്രിനിറ്റി & ഹോളി ഫാമിലി പ്രാർത്ഥനാലയം

ബഥനി ബത്തേരി പ്രൊവിൻസിന്റെ ലക്കിടിയിലുള്ള കോൺവെന്റിൽ ഹോളി ട്രിനിറ്റി&ഹോളി ഫാമിലി എന്ന പ്രാർത്ഥനാലയം സെപ്റ്റംബർ 3 ന് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്തു. ഈ പ്രാർത്ഥനാലയം സെപ്റ്റംബർ മുതൽ കുടുംബങ്ങൾക്കും ദൈവജനത്തിനും സിസ്റ്റേഴ്സിനും വന്ന് ധ്യാനിക്കുന്നതിനും കൗൺസിലിങ്ങിനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ രൂപതയിലെ ദേവാലയങ്ങളിൽ സമുചിതമായി ആഘോഷിച്ചു. എട്ട് നോമ്പിന്റെ സമാപന ദിനത്തിൽ അഭിവന്ദ്യ പിതാവ് ചുനക്കര സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിലും വലിയവിള സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിലും വിശുദ്ധ ബലിയർപ്പിച്ചു.

## ആദരാഞ്ജലികൾ

സഭയുടെ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കവും നേതൃത്വം നൽകുകയും ബൈബിൾ വിവർത്തനത്തിൽ പ്രധാന പങ്കുവഹിച്ച ബഹു. ബെർക്കുമൻസ് ഒ. ഐ. സി. അച്ചന്റെയും സഭയിലെ പണ്ഡിതനും ഗുരുശ്രേഷ്ഠനുമായിരുന്ന ബഹു. ഡാനിയേൽ മംഗലത്ത് അച്ചന്റെയും ഓർമ്മകൾക്കുമുമ്പിൽ രൂപതയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഗുരുകുലം സെമിനാരി

## വിയാനി ദിനം

ആഗസ്റ്റ് 4-ാം തീയതി വൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം വൈദീകരെ ആദരിക്കുകയും കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

## സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും

ആഗസ്റ്റ് 15-ാം തീയതി പരി.ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ 72-ാം സ്വാതന്ത്ര്യദിനവും ഭക്ത്യാദരപൂർവ്വം കൊണ്ടാടി. പ്രസ്തുത ദിനത്തിൽ റവ.ഫാ. തോമസ് പൊയ്കമണ്ണിൽ ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

## പ്രാർത്ഥനാദിനം

കേരളത്തെയാകമാനം ദുരിതത്തിലാഴ്ത്തിയ പ്രളയത്തെയും പ്രളയ ബാധിതരെയും സമർപ്പിച്ച് ബത്തേരി രൂപതയുടെ നേതൃത്വത്തിൽ പ്രാർത്ഥനകളും ആരാധനയും നടത്തി. അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവും വന്ദ്യ വികാരി ജനറാൾ അച്ചന്മാരും ഇരുപതോളം വൈദീകരും സെമിനാരി വിദ്യാർത്ഥികളോടൊപ്പം സെമിനാരി ചാപ്പലിൽ ഒത്തുച്ചേർന്ന് പ്രാർത്ഥനയിൽ പങ്കുചേർന്നു.

## വിശ്വാസപരിശീലനം

● 2018-19 വർഷത്തെ സൺഡേ സ്കൂൾ സ്ഥിതി വിവരഫോം തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പൂരിപ്പിച്ച് എത്രയും വേഗം ഒരു കോപ്പി സ്രോതസ്സിൽ എൽപ്പിക്കേണ്ടതാണ്. സ്ഥിതിവിവര ഫോം കൃത്യമായി ലഭിച്ചെങ്കിൽ മാത്രമേ ചോദ്യപേപ്പർ യഥാസമയം എത്തിക്കാൻ സാധിക്കുകയുള്ളൂ.

● മേഖലാതലത്തിൽ സർഗ്ഗോത്സവം 2018 ഒക്ടോബർ 20-നകം പൂർത്തിയാക്കേണ്ടതും രൂപതാതലത്തിൽ മത്സരത്തിന് വരുന്നവരുടെ പേര് വിവരങ്ങൾ ഒക്ടോബർ 28-ന് മുമ്പായി കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ശേഷം ലഭിക്കുന്ന പേരുകൾ സ്വീകരിക്കുന്നതല്ല.

● ലോഗോസ് ക്വിസ് 2018-ന്റെ പരീക്ഷ സെപ്തംബർ 30 ഞായർ 2.00 മുതൽ 3.30 വരെയാണ്.

മത്സരത്തിനുള്ള പാഠഭാഗങ്ങൾ : നിയമാവർത്തനം 1 - 11, പ്രഭാഷകൻ 1-10, മത്തായിയുടെ സുവിശേഷം 10-18, വെളിപാട് 10-16.

● ഇടവക തലത്തിൽ എം. സി. സി. എൽ രൂപീകരിച്ചിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം എം. സി. സി. എൽ രൂപീകരിച്ച് ഭാരവാഹികളുടെ ലിസ്റ്റ് കേന്ദ്ര കാര്യാലയത്തിൽ സെപ്തംബർ 20-ന് മുമ്പായി എത്തിക്കേണ്ടതുമാണ്.

## എം. സി. എ.

# രൂപത എം. സി. എ. അർദ്ധവാർഷിക അസംബ്ളി

ബത്തേരി രൂപത എം. സി. എ.യുടെ അർദ്ധ വാർഷിക അസംബ്ലി 2018 ആഗസ്റ്റ് 31, സെപ്തംബർ 1 ദിവസങ്ങളിൽ ബത്തേരി ശ്രേയസ്സിൽ വെച്ച് നടത്തപ്പെട്ടു. എം. സി. എ. വൈസ് പ്രസിഡന്റ് ശ്രീമതി ലാലി പതാക ഉയർത്തി. എം. സി. എ. രൂപതാ പ്രസിഡന്റ് ശ്രീ. എ. വി. മത്തായി മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപത എം. സി. എ. വൈദീക ഉപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് പൊക്കത്തായിൽ ഉദ്ഘാടനം ചെയ്തു. മഹാമാരിയിലും മഹാ ജലപ്രളയത്താലും വലയുന്ന ജനങ്ങളെ സഹായിക്കണമെന്നും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സഹകരിക്കണമെന്നും റവ. ഫാ. ജോർജ്ജ് പൊക്കത്തായിൽ ആവശ്യപ്പെട്ടു. സമ്മേളനത്തിന് ആശംസകൾ നേർന്നുകൊണ്ട് എം. സി. എ. കേന്ദ്രസമിതി വൈസ് പ്രസിഡന്റ് ശ്രീ. സജി കിനാംതോപ്പിൽ സംസാരിച്ചു. അന്ധദമ്പതികൾക്ക് ഭവനം നിർമ്മിച്ചു നൽകാനായത് നന്ദിയോടെ അദ്ദേഹം അനുസ്മരിച്ചു. ഉദ്ഘാടനസമ്മേളനത്തിനുശേഷം മേഖല റിപ്പോർട്ട് അവതരണമായിരുന്നു. 7 മേഖലകളിൽ നിന്നെത്തിയ സെക്രട്ടറിമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. എം. സി. എ. വൈസ്പ്രസിഡന്റ് ശ്രീ. സാം കോശി റിപ്പോർട്ട് അവതരണത്തിന് അദ്ധ്യക്ഷത വഹിച്ചു. റിപ്പോർട്ട് അവതരണത്തിനുശേഷം മേഖലാപ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടന്നു.

സെപ്തംബർ 1 ന് തപോവന ചാപ്പലിൽ വെച്ച് രൂപത എം. സി. എ. ഡയറക്ടർ വിശുദ്ധ ബലിയർപ്പിച്ചു. 9 മണി മുതൽ ശ്രേയസ്സ് ഓഡിറ്റോറിയത്തിൽ വെച്ച് രണ്ടാംദിന സമ്മേളന പരിപാടികൾ ആരംഭിച്ചു. രൂപതാ എം. സി. എ. റിപ്പോർട്ട് അവതരിപ്പിച്ചു. തപോവനം, മാർ അത്തനാസിയോസ് ഐ. റ്റി. സി. എന്നിവയുടെ പ്രവർത്തനം ശ്രീ. തങ്കച്ചൻ ചരിവുപുരയിടം അവതരിപ്പിച്ചു.

തുടർന്ന് രൂപതയുടെ റൂബി 'ജൂബിലിവർഷത്തിൽ അൽമായ സംഘടന' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. വി. പി. തോമസ് പ്രഭാഷണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ എം. സി. എയുടെ നേതൃത്വത്തിൽ റൂബി ജൂബിലി അൽമായ സംഗമം നടത്തുവാൻ തീരുമാനിച്ചു. രൂപത ട്രഷറർ ശ്രീ. ബിജു മറ്റമന ഏവർക്കും നന്ദി രേഖപ്പെടുത്തി. ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി കോഴിക്കോട് മേഖലാ പ്രസിഡന്റ് ശ്രീ. ബെന്നിയുടെ ഭവനനിർമ്മാണത്തിന് എം. സി. എ. സഹകരിക്കുവാൻ തീരുമാനിച്ചു. അസംബ്ലി 1 മണി പ്രാർത്ഥനയോടെ സമാപിച്ചു.

## അന്ധ ദമ്പതികൾക്ക് ഭവനം നിർമ്മിച്ചു നൽകി

ബത്തേരി രൂപതാ എം. സി. എ. യുടെ നേതൃത്വത്തിൽ നിലമ്പൂർ ബ്ലോക്കിൽ രാമകുന്നിൽ താമസിക്കുന്ന അന്ധദമ്പതികളായ ശ്രീ. ബാലകൃഷ്ണൻ, വിശാല ദമ്പതികൾക്ക് ഭവനം നിർമ്മിച്ചുനൽകി. ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലമ്പൂർ മേഖല നേതൃത്വം നൽകി. 487000/- രൂപ ചിലവിൽ നിർമ്മിച്ച വീടിന്റെ കൂദാശ കർമ്മം മലപ്പുറം മേഖല മിഷൻ കോഡിനേറ്റർ വെരി. റവ. ഫാ. തോമസ് ക്രിസ്തുമന്ദിരവും റവ. ഫാ. ആന്റോ ഇടക്കളത്തൂരും ആശീർവാദകർമ്മത്തിന് നേതൃത്വം നൽകി. നിലമ്പൂർ ജോസ്ഗിരി ദേവാലയ കൂദാശയോടനുബന്ധിച്ച സമ്മേളനത്തിൽ വെച്ച് അത്യഭിവന്ദ്യ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ താക്കോൽദാനകർമ്മം നിർവ്വഹിച്ചു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം. സി. എ. പ്രസിഡന്റ് ശ്രീ. മത്തായി അടിയോളിൽ, ശ്രീ. ജോയി കാവുങ്കൽ, ശ്രീ. സജി കിനാംതോപ്പിൽ, മേഖല പ്രസിഡന്റ് ശ്രീ. റജി, മേഖലാ രൂപതാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## സുവിശേഷ സംഘം

### കൽപ്പറ്റ മേഖല

സുവിശേഷസംഘം കൽപ്പറ്റ മേഖലയുടെ ആഭിമുഖ്യത്തിൽ മാസം തോറും നടത്തിവരുന്ന ഏകദിന പ്രാർത്ഥനാദിനം ആഗസ്റ്റ് 12 ന് ഞായറാഴ്ച കാര്യമ്പാടി സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് നടന്നു. പ്രാരംഭ പ്രാർത്ഥനയ്ക്ക് റവ. വർഗ്ഗീസ് പന്തപ്പള്ളിൽ നേതൃത്വം നൽകി. ജപമാലയും വി. കുർബാനയുടെ ആരാധനയും ഉണ്ടായിരുന്നു. രൂപതാ സുവിശേഷസംഘാംഗം ശ്രീ. ഏലിയാസ് ഡേവിഡ് വചനസന്ദേശം നൽകി. വിവിധ ഇടവകകളിൽ നിന്നുമായി 50 അംഗങ്ങൾ സംബന്ധിച്ചു. ഇടവക വികാരി റവ. ജോർജ്ജ് പൊക്കത്തായിൽ നന്ദി രേഖപ്പെടുത്തി.

### ബത്തേരി മേഖല – ഏകദിന ധ്യാനം

ബത്തേരി മേഖലാ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചകളിലും നടന്നുവരുന്ന ഏകദിനധ്യാനം എല്ലാ ബുധനാഴ്ച കളിലും രാവിലെ 10 മണി മുതൽ 3 മണി വരെ നടത്തപ്പെടുന്നു. ബത്തേരി മേഖലയിലെ സുവിശേഷ സംഘാംഗങ്ങളായ റവ. ഫാ. ജോൺസൺ പള്ളി പടിഞ്ഞാറ്റേതിൽ, ശ്രീ. ഒ. എസ്. തോമസ്, ശ്രീ. ഏലിയാസ് ഡേവിഡ് എന്നിവർ ധ്യാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. ജപമാല സമർപ്പ ണം, വചനപ്രഘോഷണം, വി. കുർബ്ബാനയുടെ ആരാധന എന്നിവ

നടത്തുന്നു. വിശുദ്ധ ബലിയോടുകൂടി ധ്യാനം സമാപിക്കുകയും ചെയ്യുന്നു. ബത്തേരി മേഖലയിലെ സുവിശേഷസംഘാംഗങ്ങൾ ഉൾപ്പടെ 50 ഓളം ആളുകൾ ധ്യാനത്തിൽ സംബന്ധിച്ചുവരുന്നു.

## മാതൃജ്യോതിസ്

### മാതൃദിനാചരണവും സന്യസ്തരെ ആദരിക്കലും

പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുന്നാൾ ദിനമായ സെപ്റ്റംബർ 8 ന് മാതൃദിനാചരണം ഇടവകളിൽ വിവിധ പരിപാടികളോടെ ആചരിച്ചു. രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം ഇടവകളിൽ ശുശ്രൂഷ ചെയ്യുന്ന സന്യസ്ഥരെ അവരുടെ ശുശ്രൂഷകളെ വിലമതിച്ചുകൊണ്ട് ആദരിക്കുകയും ചെയ്തു.

### അഭിനന്ദനങ്ങൾ

കേരള ജനതയെ മുഴവൻ ദു:ഖത്തിലാഴ്ത്തിക്കൊണ്ട് അപ്രതീക്ഷമായി സംഭവിച്ച പ്രളയക്കൊടുതിയിൽപ്പെട്ടവർക്ക് താങ്ങാവുന്നതിനും സഹായമേകുന്നതിനും, ശ്രേയസ് വഴിയും വ്യക്തിപരമായി സഹകരിച്ച് എല്ലാ മാതൃജ്യോതിസ് അംഗങ്ങൾക്കും അഭിനന്ദനങ്ങളും, നിറഞ്ഞ നന്ദിയും അറിയിക്കുന്നു.

## ശ്രേയസ്

### ദുരിതാശ്വാസമേഖലയിൽ സാന്ത്വനവുമായി ശ്രേയസ്

മഴക്കെടുതി മൂലം ദുരിതത്തിലായ വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ശ്രേയസ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. ശ്രേയസ്സിന്റെ രക്ഷാധികാരി ജോസഫ് മാർ തോമസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലുള്ള ദുരിതാശ്വാസ പ്രവർത്തന സമിതിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്.

### Rapid relief Return :

ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ ശ്രേയസ് മേഖല യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ, കാരിത്താസ് ഇന്ത്യ എന്നിവരുടെ നേതൃത്വത്തിൽ ദുരിതമേഖലകളിലും ക്യാമ്പുകളിലും ദുരിതബാധിതരായ 5100 കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ എത്തിച്ചു. മേഖല യൂണിറ്റ് ഡയറക്ടേഴ്സ്, സ്വാശ്രയസംഘ അംഗങ്ങൾ, ശ്രേയസ് പ്രവർത്തകർ ഇതിന് നേതൃത്വം നൽകി.

## ശ്രേയസ് ദുരിതാശ്വാസ പ്രവർത്തനസമിതി രൂപീകരണം

ശ്രേയസ് രക്ഷാധികാരി അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി, ശ്രേയസ് മുൻ ഡയറക്ടർമാരായ വെരി റവ. മോൺ വർഗ്ഗീസ് മറ്റമന, റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, രൂപത വികാരി ജനറാൾമാർ, ശ്രേയസ് ഗവേണിംഗ് ബോഡി അംഗങ്ങൾ, സ്റ്റാഫ് പ്രതിനിധികൾ മദർ പ്രൊവിൻഷ്യൽസ് അംഗങ്ങളായ ശ്രേയസ് ദുരിതാശ്വാസ പ്രവർത്തന സമിതി രൂപീകരിച്ചു. വിവിധ മേഖലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു.

## എൻ.എഫ്.ഐ. കിറ്റ് വിതരണം

വയനാട്ടിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തിലെയും ദുരിതബാധിത പ്രദേശങ്ങളിൽ കാരിത്താസ് ഇന്ത്യ, CRS, OXFAM, Care India, Americares തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ നൂൽപ്പുഴ, നെന്മേനി, അമ്പലവയൽ, പനമരം, മാനന്തവാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി, ബത്തേരി മുൻസിപ്പാലിറ്റി, കോട്ടത്തറ, പടിഞ്ഞാറത്തറ, തരിയോട് എന്നീ പഞ്ചായത്തുകളിലായി 6250 കുടുംബങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കമ്പിളി, ടാർപ്പോളിൻ, ഹൈജീൻ കിറ്റ് തുടങ്ങിയ വിതരണം ചെയ്തു.

## ശ്രേയസ് ദുരിതാശ്വാസ പ്രവർത്തക സംഘ രൂപീകരണം

ശ്രേയസിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്രമീകരിയ്ക്കാൻ 240 പേർ അടങ്ങുന്ന ദുരിതാശ്വാസ പ്രവർത്തക സംഘം രൂപീകരിച്ചു. ഇവർക്ക് ശ്രേയസ് കേന്ദ്ര ഓഫീസിൽ CRS, OXFAM ടീം പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ഈ സംഘത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ സ്ഥലത്ത് കിറ്റ് വിതരണം, പരിസര-ഭവനശുചീകരണം, കിണർ ശുചീകരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു.

## അഭിവന്ദ്യ പിതാവിന്റെ ദുരിതമേഖല സന്ദർശനം

ശ്രേയസ് രക്ഷാധികാരിയായ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ നേതൃത്വത്തിൽ ശ്രേയസ് ഡയറക്ടേഴ്സ്, വികാർ ജനറാൾമാർ ശ്രേയസ് പ്രതിനിധികൾ ദുരിതബാധിത പ്രദേശങ്ങളായ കൊയിലേരി, പനമരം, പാക്കം, പുൽപ്പള്ളി ഭാഗങ്ങളും, ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ചു. വിവിധ സ്ഥലങ്ങളിൽ സന്ദർശനത്തോടനുബന്ധിച്ച് ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്തു.

## ശുചീകരണ പ്രവർത്തനങ്ങൾ

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രേയസ് ദുരിതാശ്വാസ പ്രവർത്തകർ - പനമരം-മുള്ളൻകൊല്ലി ഭാഗത്ത് 28 ഓളം ഭവനങ്ങൾ ശുചീകരിച്ചു. നൂൽപ്പുഴ, മീനങ്ങാടി, പനമരം പഞ്ചായത്തുകളിലെ എല്ലാ കുടിവെള്ള സ്രോതസ്സുകളും ശുചീകരിച്ചു വരുന്നു.

## ദുരിതാശ്വാസ കോഡിനേഷൻ മീറ്റിംഗ്

Caritas, OXFORM, CRS, Care India, Americares, IGSS, UNICEF, Goon TATA തുടങ്ങിയ വിവിധ സംഘടനകളുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, ആസൂത്രണം എന്നിവ ശ്രേയസ് കേന്ദ്ര ഓഫീസിലും, ഐ. എ. ജി. മീറ്റിംഗിലും കളക്ട്രേറ്റിലും നടത്തുന്നതിൽ ശ്രേയസ് പങ്കെടുത്തുവരുന്നു.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ (കോഴിക്കോട് – മലപ്പുറം)

ശ്രേയസ് കോഴിക്കോട് മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് കല്ലൂർ, കോർഡിനേറ്റർ ശ്രീമതി ലിസി എന്നിവരുടെ നേതൃത്വത്തിലുള്ള 60 അംഗ ദുരിതാശ്വാസ പ്രവർത്തക സംഘം ക്രമീകരിക്കുന്നു. 560 കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ, വസ്ത്രം, കിടക്ക, കട്ടിൽ, പാത്രങ്ങൾ മുതലായവ വിതരണം ചെയ്തു. ദുരിതമേഖലയിൽ 2 മെഡിക്കൽ ക്യാമ്പുകൾ നടത്തി. ശ്രേയസ് മലപ്പുറം മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് റവ. ഫാ. റോയി വലിയവീട്ടിൽ, കോർഡിനേറ്റേഴ്സ് ശ്രീ. സ്കറിയ, ശ്രീ. ഷാജു എന്നിവർ നേതൃത്വം നൽകി വരുന്നു. എരുമമുണ്ട സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ ഭക്ഷണം, വസ്ത്രം തുടങ്ങിയവ വിതരണം ചെയ്തു.

## മെഡിക്കൽ ക്യാമ്പുകൾ

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട്ടിൽ മാനന്തവാടി, നൂൽപ്പുഴ, നെന്മേനി, തവിഞ്ഞാൽ പഞ്ചായത്തുകളിലായി 20 മെഡിക്കൽ ക്യാമ്പുകൾ നടത്തി. Americares എന്ന സംഘടനയുടെ സഹായത്തോടെയാണ് മരുന്നുകൾ വിതരണം ചെയ്തത് 2300ലധികം വ്യക്തികൾക്ക് ക്യാമ്പ് ആശ്വാസമായി. കൂടാതെ മംഗലാപുരം ദുരിതാശ്വാസക്യാമ്പിൽ 200 പേർ പങ്കെടുത്തു.

## മൊബൈൽ മെഡിക്കൽ ക്യാമ്പ്

കാലവർഷത്തിൽ ഏറ്റവും കൂടുതൽ കഷ്ടതയനുഭവിച്ച നൂൽപ്പുഴ, നെന്മേനി പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ 10 ലധികം മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. 26 ആദിവാസി കോളനികളിലെ 1360 അംഗങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചു.

## പുനരധിവാസ പ്രവർത്തന അവലോകനം

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടത്തിലേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനായി വയനാട്ടിലെ നൂൽപ്പുഴ, പനമരം, കോട്ടത്തറ, പുൽപ്പള്ളി പഞ്ചായത്തുകളിൽ, കൽപ്പറ്റ ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും ശ്രേയസ് ദുരിതാശ്വാസ പ്രവർത്തകർ അടിസ്ഥാന വിവരശേഖരണം നടത്തി വരുന്നു. ഇതിന് CRS, OXFORM, Spare India എന്നിവർ മാർഗ്ഗനിർദ്ദേശം നൽകുന്നു.

# ഉന്നതവിദ്യാഭ്യാസവേദി

## ഗുരുദേവ് ആർട്സ് & സയൻസ് കോളേജ്, മാത്തിൽ

### കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ് – വർക്ക്ഷോപ്പ്

മാത്തിൽ ഗുരുദേവ് ആർട്സ് & സയൻസ് കോളേജ് കമ്പ്യൂട്ടർ സയൻസ് വിഭാഗം സൈബർ സെക്യൂരിറ്റി എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.ആഗസ്റ്റ് 14 ന് ഗീതാഞ്ജലി സെമിനാർ ഹാളിൽ വച്ചു നടന്ന വർക്ക്ഷോപ്പ് റവ.ഫാ. ഷിബിൻ പി. ജെയിംസ് (CEO ഗുരുദേവ് കോളേജ്)ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.റ്റി. രവീന്ദ്രൻ സാറിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ മധുസുധനൻ എം, ബർസാർ റവ.ഫാ.ചാക്കോ ചേലപറമ്പത്ത് NSS പ്രോഗ്രാം ഓഫീസർ ശ്രീ. സന്തോഷ് കെ, ശ്രീമതി സ്മിത രാജൻ തുടങ്ങിയവർ സംസാരിച്ചു. ശ്രീ. ശ്രീനാഥ് രഘുനാഥ്, ശ്രീ. ജിഷ്ണു പി. പി. യും ചേർന്ന് വർക്ക്ഷോപ്പ് നിയന്ത്രിച്ചു.

### പ്രളയ ദുരിതാശ്വാസ നിധി

പ്രളയദുരിതത്തിൽ അകപ്പെട്ടവർക്ക് കൈതാങ്ങായി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. ആദ്യഘട്ടമായി ശ്രേയസിന്റെ ആഭിമുഖ്യത്തിൽ 60,000 രൂപയുടെ സാധനങ്ങൾ സംഭാവന ചെയ്തു. രണ്ടാം ഘട്ടത്തിൽ കോളേജ് മാനേജ്മെന്റും, സ്റ്റാഫ് അംഗങ്ങളും, വിദ്യാർത്ഥികളും ചേർന്ന് സ്വരൂപിച്ച 2 ലക്ഷം രൂപയുടെ സാധനങ്ങളും 40,000 രൂപയും പയ്യന്നൂർ എം.എൽ.എ ശ്രീ.സി.കൃഷ്ണൻ ഏറ്റുവാങ്ങി ജില്ലാ കലക്ടറുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. ചടങ്ങിൽ കോളേജ് സി.ഇ.ഒ. റവ. ഫാ. ഷിബിൻ പി. ജെയിംസ്, ബർസാർ റവ. ഫാ. ചാക്കോ ചേലംപറമ്പത്ത് പ്രിൻസിപ്പാൾ ഡോ. കെ. റ്റി. രവീന്ദ്രൻ, വൈസ് പ്രിൻസിപ്പൽ ശ്രീ. മധുസുധനൻ എം, NSS പ്രോഗ്രാം ഓഫീസർ, യൂണിയൻ ചെയർമാൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

### സോഷ്യൽ വർക്ക് – സെമിനാർ

ഗുരുദേവ് കോളേജ് സോഷ്യൽ വർക്ക് വിഭാഗം സെമിനാർ 24-07-2018 ന് രാവിലെ കോളേജ് സെമിനാർ ഹാളിൽ 9.30 ന് ആരംഭിച്ചു. ശ്രീ. മിഥുൻ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. കെ. ടി രവീന്ദ്രൻ ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ.അനൂപ് ആന്റണി (കണ്ണൂർ യൂണിവേഴ്സിറ്റി സോഷ്യൽ വർക്ക് വിഭാഗം ചെയർമാൻ) സെമിനാർ നയിച്ചു. സോഷ്യൽ വർക്ക് റിസേർച്ച്, സോഷ്യൽ വർക്ക് ഓറിയന്റേഷൻ പ്രോഗ്രാം എന്നീ വിഷയങ്ങളായിരുന്നു സെമിനാറിൽ ചർച്ച ചെയ്തത്. കുമാരി നീനു ജോൺസൺ സ്വാഗതം പറഞ്ഞ ചടങ്ങിൽ കുമാരി അശ്വതി

നന്ദി പ്രകാശിപ്പിച്ചു. വൈകുന്നേരം 4 മണിയോടെ സെമിനാർ സമാപിച്ചു.

### ഗണിത ശാസ്ത്രവിഭാഗം – സെമിനാർ

ഗുരുദേവ് കോളേജ് ഗണിത ശാസ്ത്രവിഭാഗം ദേശിയ സെമിനാർ നടത്തി. 'അനാലിസിസ്', 'ആൾ ജിബ്രേ' എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു സെമിനാർ. 28-07-2018 ന് രാവിലെ 9.30 ന് സെമിനാർ ഹാളിൽ പ്രിൻസിപ്പൽ ഡോ. കെ.ടി. രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ ഡോ.കേതുകോടി ബാബുശ്രി ശ്രീനിവാസ് (എം.ഐ.റ്റി, മണിപ്പാൽ) ഉദ്ഘാടനം ചെയ്തു. വകുപ്പ് തലവൻ ശ്രീ. എം. മധുസൂധനൻ സ്വാഗതം പറഞ്ഞു. പ്രോഗ്രാം കോർഡിനേറ്റർ നീതു കെ. നന്ദി പറഞ്ഞു. കോടി ബാബു ശ്രീനിവാസ്, ഡോ. പി. കെ. ഹരികൃഷ്ണൻ സെമിനാർ നയിച്ചു.

### ഏകദിന സെമിനാർ

ഗുരുദേവ് കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റും ഫിസിക്സ് ക്ലബ്ബും (FISIKO) സംയുക്തമായി 9-08-2018 (വ്യാഴാഴ്ച) ഏകദിന സെമിനാർ സംഘടിപ്പിച്ചു. കണ്ണൂർ ഊട്ടി റിസർച്ച് ഗൈഡും നെഹ്റു കോളേജിലെ ഫിസിക്സ് വിഭാഗം തലവനുമായിരുന്ന ഡോ. കെ. എച്ച്. ഉദയനാഥൻ മുഖ്യാതിഥിയായിരുന്നു. ഗുരുദേവ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.റ്റി. രവീന്ദ്രൻ മുഖ്യാതിഥിയും കോളേജ് ബർസാർ റവ. ഫാ. ചാക്കോ ചേലപറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി.

പ്രസ്തുത പരിപാടിയിൽ കഴിഞ്ഞ വർഷം ഗുരുദേവ് കോളേജിലെ ബി. എസ്.സി. ഫിസിക്സ് ബാച്ചിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുമാരി ജൂഹി, കുമാരി ശാന്തികൃഷ്ണ എന്നീ വിദ്യാർത്ഥികളെ അനുമോദിച്ചു.

ഉദ്ഘാടനചടങ്ങുകൾക്ക് ശേഷം ഡോ. ഉദയാനന്ദൻ 'പ്രകാശത്തിന്റെ വിവിധ പ്രതിഭാസങ്ങൾ'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഉച്ചക്ക് ശേഷം പ്രശസ്ത ശാസ്ത്രജ്ഞൻ Stephen Hawking കുറിച്ചുള്ള "Theory of Everything" എന്ന ഫിലിം സംഘടിപ്പിച്ചു.

## ഫാത്തിമ ആർട്സ് & സയൻസ് കോളേജ്, മൂത്തേടം

### അദ്ധ്യാപകദിനം

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ അദ്ധ്യപക ദിനം ആചരിച്ചു. പ്രിൻസിപ്പൽ ഡോ.രവിന്ദ്രൻ പിള്ള മുഖ്യപ്രഭാഷണം നടത്തി. പി. ആർ. ഒ ശ്രീ. സാബു പൊൻമേലിൽ യൂണിയൻ ചെയർമാൻ ശ്രീ. ടോം മാത്യു യു.യു.സി. ഹാദിക് മുഹമ്മദ് എന്നിവർ പ്രസംഗിച്ചു, എല്ലാ അദ്ധ്യാപകർക്കും ഉപഹാരം നൽകി ആദരിച്ചു.

# ഐടെക്, ബത്തേരി

### അക്ഷരജ്യോതി 2018

Aitecc Group of Institutions ന്റെ ഒന്നാം വർഷ വിദ്യാർത്ഥി കളുടെ അധ്യയന വർഷാരംഭം 2018 ആഗസ്റ്റ് 29 ന് 'അക്ഷരജ്യോതി' എന്ന പേരിൽ ശ്രേയസ്സ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ഐടെക്ക് ഡയറക്ടർ റവ. ഫാ. എബ്രാഹം ആശാരിപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബത്തേരി രൂപതാ മുഖ്യവികാരി ജനറാൾ വെരി റവ. ഫാ. മാത്യു അറമ്പൻകുടി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പ്രിൻസിപ്പിൽസും അദ്ധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും അക്ഷരജ്യോതിയിൽ പങ്കുചേർന്നു. തുടർന്ന് World Cup Shoot out മത്സരത്തിന്റെയും പ്രവചന മത്സരത്തിന്റെയും സമ്മാനങ്ങൾ വിതരണം ചെയ്തു.

### നൈപുണ്യ കർമസേന

നമ്മുടെ Aitecc Group of Institutions നിലുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും കൽപറ്റ മുണ്ടേരി ഹൈസ്കൂളിൽ വെച്ച് നടന്ന നൈപുണ്യ കർമസേന പരിപാടിയിൽ പ്രളയബാധിത കുടുംബങ്ങളിലെ മിക്സി, ഇൻഡക്ഷൻ, ഹീറ്റർ, അയൺബോക്സ്, ടി.വി., എമർജൻസി ലൈറ്റ് തുടങ്ങിയ ഉപകരണങ്ങൾ സർവ്വീസ് ചെയ്ത് നൽകുന്നതിൽ പങ്കാളി കളായി.

# സെന്റ് ജോസഫ്സ് സ്കൂൾ, ബത്തേരി

### മഹാജല പ്രളയപ്രദേശങ്ങൾ സന്ദർശിച്ചു

മഹാമാരിയിലും ജലപ്രളയത്താലും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായ വയനാട്ടിലെ പ്രദേശങ്ങളിൽ സെന്റ് ജോസഫ് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ബിജു മുടമ്പള്ളിയുടെയും പി. റ്റി. എ. വൈസ് പ്രസിഡന്റ് ശ്രീ. മനോജ്കുമാറിന്റെയും പി. റ്റി. എ. അംഗങ്ങളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ സന്ദർശനം നടത്തി. പ്രളയത്താൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ദുരിതാശ്വാസ പ്രവർത്തനഫണ്ട് സ്വരൂപിക്കുവാനും ദുരിതബാധിതരെ സഹായിക്കുവാനും പി. റ്റി. എ. എക്സിക്യൂട്ടീവ് തീരുമാനിച്ചു. സെപ്തംബർ 11 ന് എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഒരു നിശ്ചിത തുക സംഭരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുവാനും പി. റ്റി. എ. തീരുമാനിച്ചു. പ്രളയബാധിതരോടുള്ള ആദരസൂചകമായി സ്വാതന്ത്ര്യദിനാഘോഷ പരിപാടികളും ഓണാഘോഷപരിപാടികളും മാറ്റിവെയ്ക്കുകയും ചെയ്തു.

# മാർ ബസേലിയോസ് എ.യു.പി. സ്കൂൾ, കോളിയാടി

## നിരാലംബർക്ക് ആശ്രയമായി മാർ ബസേലിയോസ്

കാലവർഷക്കെടുതിയിൽ ഭവനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ച കൊല്ലിവയൽ പ്രദേശത്തെ കുടുംബങ്ങൾക്ക് കോളിയാടി സ്കൂൾ താല്കാലിക ഭവനമായി. മൂന്നുദിവസം നീണ്ടുനിന്ന ദുരിതാശ്വാസ ക്യാമ്പ് രാഷ്ട്രീയ പ്രതിനിധികൾ രൂപതാ പ്രൊക്കുറേറ്റർ, വൈദികർ ഉൾപ്പടെ നിരവധിയാളുകൾ സന്ദർശിച്ചു.

## മാർ ബസേലിയോസ് സഖ്യം രൂപീകൃതമായി

മാർ ബസേലിയോസ് എ. യു. പി. സ്കൂളിൽ ബസേലിയോസ് സഖ്യം രൂപീകൃതമായി. വിദ്യാർത്ഥികളിൽ നേതൃത്വവാസനയും സംഘടനാ പാടവും വളർത്തിയെടുക്കുന്നതിനോടൊപ്പം സാമൂഹ്യസേവന രംഗത്തെ ചുവടുവെയ്പായി "ഞങ്ങൾ സേവിക്കുന്നു" എന്ന ആപ്തവാക്യവുമായി ബസേലിയോസ് സഖ്യം ശ്രീമതി ബെറ്റി ജോർജ്ജിന്റെ സഹരക്ഷാധി കാരത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കുമാരി അബിയാ രാജേഷ് പ്രസിഡന്റായും, കുമാരി സിയ പോൾ സെക്രട്ടറിയായും പ്രവർത്തിച്ചു കൊണ്ട് ശാഖയുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമായ രീതിയിൽ നടപ്പിലാക്കി വരുന്നു.

## സ്നേഹക്കുടുക്കയുമായി തെഹാന

പ്രളയത്തിന്റെ സംഹാരതാണ്ഡവത്തിൽ നിരാലംബരായവർക്ക് ആശ്വാസവുമായി മാർ ബസേലിയോസ് അഞ്ചാം തരം വിദ്യാർത്ഥി തെഹാന തന്റെ സമ്പാദ്യക്കുടുക്ക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിലേക്ക് നൽകുവാനായി ഹെഡ്മാസ്റ്റർക്ക് കൈമാറി.

## നന്മയുടെ പാഠവുമായി നല്ലപാഠം പ്രവർത്തകർ

കളപ്പുര കോളനിയിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കിടപ്പുരോഗി യായ കുമാരി വിജിഷ എന്ന കൂട്ടുകാരിക്ക് സ്നേഹസമ്മാനവുമായി നല്ല പാഠം പ്രവർത്തകർ കോളനി സന്ദർശിച്ചു. കുട്ടികൾ ശേഖരിച്ച നിത്യോ പയോഗസാധനങ്ങൾ വിജിഷയ്ക്ക് നൽകികൊണ്ട് നന്മയുടെ മാതൃകയായി കോളിയാടിയിൽ നല്ല പാഠം പ്രവർത്തകർ.

## ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

കുട്ടികൾ ജീവിത നൈപുണ്യം ആർജ്ജിക്കുന്നതിനായി, വ്യക്തിത്വ വികസനം, ദന്തസംരക്ഷണം, നാട്ടറിവുകളിലൂടെ എന്നീ വിഷയങ്ങളെ അധികരിച്ച് യഥാക്രമം ശ്രീ. മനോജ്, ഡോ. ടിന, ഡോ. അരുൺ ബിജു എന്നിവർ കുട്ടികൾക്കായി ക്ലാസ്സുകൾ നയിച്ചു.

## ആശംസകൾ നേരാം

### Birthday - Septembar

| | |
|---|---|
| Rev. Fr. Vattakatt Sajan | 01.09.1975 |
| Rev. Fr. Thannickakuzhy Varghese | 14.09.1967 |
| Rt. Rev. Thannickakuzhy Thomas Corepiscopo | 26.09.1941 |

### Birthday - October

| | |
|---|---|
| Rt. Rev. Charivupurayidom Corepiscopo | 08.10.1938 |
| Rev. Fr. Karuvallil Mathew | 10.10.1957 |
| Rev. Fr. Cherupuzhathottathil Kuriakose | 16.10.1978 |

### Feastday - September

| | |
|---|---|
| Rt. Rev. Msgr. Arambankudy Mathew Corepiscopo | September 21 |
| Rev. Fr. Kandathil Mathew | September 21 |
| Rev. Fr. Karuvallil Mathew | September 21 |
| Rev. Fr. Mundakodiyil Mathew | September 21 |
| Rev. Fr. Pallikunnel Mathew | September 21 |
| Rev. Fr. Perumbillikunnel Mathew | September 21 |
| Rev. Fr. Valiyaparambil Mathew | September 21 |
| Rev. Fr. Varickaplamoottil Mathew | September 21 |

### Feastday - October

| | |
|---|---|
| Rev. Fr. Pathackal Abraham | October 09 |
| Rev. Fr. Mudampallikuzhy Abraham | October 09 |
| Rev. Fr. Manalil Abraham | October 09 |
| Rev. Fr.Pallipadinjattethil Lukose | October 18 |
| Rev. Fr. Kollenkudy Issac | October 28 |

## സംഭാവന

### തപോവനം – സെപ്തംബർ

| | | | |
|---|---|---|---|
| 1 | Sri. M C Peter Bathery | - | ₹ 1500 |
| 2 | Sri. Jibin Thomas, Cheeral | - | 5000 |
| 3 | Sri. Thomas Koshy, Uppada | - | 3000 |
| 4 | Sri. Deslin, Kayunni | - | 5000 |
| 5 | Sri. Elgen Cheerakathottam, Bathery | - | 5000 |
| 6 | Sri. Joseph Pulickal, Kartikulam | - | 1000 |
| 7 | Sri. Sasi T K, Chulliyode | - | 4000 |
| 8 | Smt. Anu Jose Joseph, Moolankave | - | 3500 |
| 9 | Smt. Amaya Jijo, Irulam | - | 5000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് - സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| 1 | Vincent De Paul | - | ₹ 2000 |
| 2 | Corporate Edu Agency | - | 3000 |
| 3 | Chookad Parish | - | 2000 |
| 4 | Muthukad Parish | - | 2000 |
| 5 | Bethany Ashram | - | 1000 |
| 6 | St. Joseph's Nursery | - | 10000 |
| 7 | Father of Faith, Mananthavady | - | 10000 |
| 8 | St. Joseph H S School | - | 10000 |
| 9 | Puthenkunnu LPS | - | 1000 |
| 10 | St. George U P School Pulpally | - | 3000 |
| 11 | St. George L P School Pulpally | - | 5000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് - സഹായം സ്വീകരിച്ചവർ

| | | | |
|---|---|---|---|
| 1 | Rev. Sr. Jain (housing) | - | ₹ 25000 |
| 2 | Food Tribal Camp | - | 30000 |
| 3 | Relief Camp (Swapna) | - | 10000 |
| 4 | Smt. Sheeba (Flood relief) | - | 10000 |
| 5 | Babu (Flood Relief) | - | 10000 |
| 6 | Sri. Jony (Marriage) | - | 10000 |
| 7 | Mananthavady (Medical Help) | - | 10000 |
| 8 | Relief amm | - | 20000 |
| 9 | Smt. Jimy (Education) | - | 5000 |
| 10 | Sri. Raju (Poor help) | - | 4000 |
| 11 | Smt. Inya (Wedding) | - | 5000 |
| 12 | Smt. Sherly (Poor) | - | 3000 |

# സ്മരണീയദിനങ്ങൾ

## സെപ്തംബർ 2018

| | | |
|---|---|---|
| 1 | – | എട്ട് നോമ്പ് ആരംഭം |
| **2** | **–** | **തേജസ്കരണശേഷം നാലാം ഞായർ** |
| | | മാർ ശെമവൂൻ ദെസ്തൂനി |
| 5 | – | വി. മദർ തെരേസ |
| 8 | – | വി.ദൈവ മാതാവിന്റെ ജനനപ്പെരുന്നാൾ |
| | | എട്ട് നോമ്പ് വീടൽ |
| **9** | **–** | **തേജസ്കരണശേഷം അഞ്ചാം ഞായർ** |
| | | മാർ യൊവാക്കിമും മർത്താ ഹന്നായും |
| 14 | – | സ്ലീബാ പെരുന്നാൾ |
| 15 | – | വ്യാകുല മാതാവ് |
| **16** | **–** | **സ്ലീബാ പെരുന്നാളിന് ശേഷം ഒന്നാം ഞായർ** |
| | | വി. സിപ്രിയാൻ |
| 19 | – | വി. ജനുവാരിയൂസ് |
| 20 | – | മലങ്കര പുനരൈക്യദിനം |
| 21 | – | അഭിവന്ദ്യരായ ഡോ. തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെയും ഡോ. ഗീവർഗീസ് മക്കാറിയോസ് തിരുമേനിയുടെയും, ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെയും മെത്രാഭിഷേക വാർഷികം |
| **23** | **–** | **സ്ലീബാ പെരുന്നാളിനു ശേഷം രണ്ടാം ഞായർ** |
| | | വി. പാദ്രെ പിയോ |
| 27 | – | വി. വിൻസെന്റ് ഡി പോൾ |
| 28 | – | സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മ |
| 29 | – | മുഖ്യദൂതന്മാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| **30** | **–** | **സ്ലീബാ പെരുന്നാളിന് ശേഷം മൂന്നാം ഞായർ** |
| | | വി. ജെറോം, സോഫിയ |

# തിരുന്നാൾ ആഘോഷങ്ങൾ



സെന്റ് ആന്റണീസ് തീർത്ഥാടന ദേവാലയം, ആനക്കല്ല്




സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം, വലിയവിള



സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം, ഹൈദരാബാദ്



സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം, ചുനക്കര




## ഓർമ്മദിനം

### സെപ്തംബർ 28

### സഖറിയാസ് മാർ അത്തനാസിയോസ്

# ആദരാഞ്ജലികൾ



ഫാ. ബെർക്കുമൻസ് ഒ. ഐ. സി.



ഫാ. ഡാനിയേൽ മംഗലത്തിൽ



ജോൺ ചൂരക്കുഴി



റോസമ്മ വർഗീസ് കണ്ണംകുളം



ലക്കിടി ഹോളി ട്രിനിറ്റി & ഹോളി ഫാമിലി പ്രാർത്ഥനാലയ കൂദാശയിൽ
പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനോടൊപ്പം



ഐടെക്ക് അധ്യായനവർഷം ആരംഭം വെരി റവ. മോൺ. മാത്യു അറമ്പൻകുടി
കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യുന്നു



തമിഴ്നാട് സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച അധ്യാപകരെ ആദരിച്ചപ്പോൾ



മാതൃജ്യോതിസ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ സന്യസ്തരെയും
മുതിർന്നവരെയും ആദരിക്കുന്നു




മാർ ഗ്രിഗോറിയോസ് ആർട്സ് & സയൻസ് കോളേജിൽ അവാർഡ് ദാന ചടങ്ങിൽ
അഭിവന്ദ്യ പിതാവ് സംബന്ധിച്ചപ്പോൾ (ചെന്നൈ)



ഫ്രണ്ട്സ് ഓഫ് വയനാടിന്റെ മേഖലാ മീറ്റിംഗ് അഭിവന്ദ്യ പിതാവ്
ഉദ്ഘാടനം ചെയ്യുന്നു



പാക്കം ദുരിതാശ്വാസ ക്യാംപിലെ ജനങ്ങൾക്കൊപ്പം അഭിവന്ദ്യ പിതാവ് ഓണസദ്യയിൽ പങ്കെടുക്കുന്നു

From: Chancellor, Bishop's House, Sulthan Bathery
Wayanad, Kerala, India Tel: 04936 220207, 9446293293
email: exodussby@gmail.com